WEDNESDAY 15-03-2023 ബുധനാഴ്ച്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : PADMAM S. Editor : Dr. BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-15/03/2023.

1. അന്താരാഷ്ട്ര ചെറു ധാന്യ (മില്ലറ്റ് ) വർഷാചരണത്തിന്റെ ഭാഗമായി മാർച്ച് 13 മുതൽ 18 വരെ തിരുവനന്തപുരം, പാപ്പനംകോട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ സ്ഥിതി ചെയ്യുന്ന പ്രമുഖ ഗവേഷണ സ്ഥാപനമായ CSIR-NIIST-ഇൽ മില്ലറ്റ് ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നു. ഈ പരിപാടിയുടെ ഭാഗമായി മില്ലറ്റ് ഭക്ഷ്യോൽപന്നങ്ങളുടെ 60-ൽ പരം സ്റ്റാളുകളുടെ പ്രദർശനവും വില്പനയും ഒരുക്കിയിരിക്കുന്നു. ഈ അവസരത്തിൽ മില്ലറ്റ് കൃഷി രീതികളെപ്പറ്റിയും തൊഴിൽ സാധ്യതകളെപ്പറ്റിയും വിദഗ്ധരുടെ അവബോധ ക്ലാസുകൾ മില്ലറ്റ് ഭക്ഷ്യോപ്പന്നങ്ങളുടെ പ്രദർശനം, വില്പന, മില്ലറ്റ് വിത്ത് വിതരണം എന്നിവയും സംഘടിപ്പിച്ചിരിക്കുന്നു. കൂടാതെ മാർച്ച് 13-ആം തീയതി രാവിലെ 10:30 മുതൽ വൈകുന്നേരം 3 മണി വരെ കർഷകസംഗമവും നടക്കുന്നു. കർഷക സംഗമത്തിൽ പങ്കെടുക്കുന്നതിനായി രജിസ്ട്രേഷൻ തികച്ചും സൗജന്യമായിരിക്കും. കൂടുതൽ വിവരങ്ങൾക്കായി 9846777133, 9847032159, 9496100937 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

2. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന പാലക്കാട് കൃഷി വിജ്ഞാനകേന്ദ്രത്തിൽ ആൺ ആടുകൾ വിൽപ്പനയ്ക്ക് തയ്യാറായിരിക്കുന്നു. താൽപ്പര്യമുള്ളവർ 6282937809, 0466 2912008, 0466 2212279 എന്നീ ഫോൺ നമ്പറിൽ ബന്ധപ്പെടുക.

3. കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയിലെ ബയോടെക്നോളജി ഡിപ്പാർട്ട്മെന്റിൽ 10000 ടിഷ്യൂകൾച്ചർ വാഴതൈകൾ വില്പനക്ക്. കൂടുതൽ വിവരങ്ങൾക്ക് 9048178101, 9745884964 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

4. കേരള കാർഷിക സർവകലാശാല കാർഷിക കോളേജ് വെള്ളാനിക്കരയിലെ പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ ഗജേന്ദ്ര ഇനത്തിൽപ്പെട്ട ചേന വിത്ത് വില്പനയ്ക്ക് ലഭ്യമാണ്. വില കിലോയ്ക്ക് 50 രൂപ കൂടുതൽ വിവരങ്ങൾക്ക് 0487-2371340 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

5. കുടപ്പനക്കുന്ന് പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ കോഴി വളം കിലോയ്ക്ക് 3 രൂപ നിരക്കിൽ വിൽപനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് പ്രവൃത്തി സമയങ്ങളിൽ 0471-2730804 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

6. റബ്ബർബോർഡിന്റെ ഉടമസ്ഥതയിലുള്ള റബ്ബർനഴ്സറികളിൽനിന്ന് നടീൽവസ്തുക്കൾ വിതരണത്തിന് തയ്യാറായിട്ടുണ്ട്. മുക്കട സെൻട്രൽ നഴ്സറിയിൽനിന്നും കാഞ്ഞിക്കുളം, മഞ്ചേരി, ഉളിക്കൽ, ആലക്കോട്, കടയ്ക്കാമൺ എന്നിവിടങ്ങളിലെ റീജിയണൽ നഴ്സറികളിൽനിന്നും അംഗീകൃത റബ്ബറിനങ്ങളായ ആർആർഐഐ 105, ആർആർഐഐ 430, ആർആർഐഐ 414, ആർആർഐഐ 429, എന്നിവയുടെ കപ്പുതൈകൾ, കൂടത്തൈകൾ, ഒട്ടുതൈക്കുറ്റികൾ, ഒട്ടുകമ്പുകൾ എന്നിവയാണ് വിതരണത്തിന് തയ്യാറായിട്ടുള്ളത്. തൈകൾ ആവശ്യമുള്ള കർഷകർ അടുത്തുള്ള റീജിയണൽ ഓഫീസിൽ അപേക്ഷ നൽകണം. www.rubberboard.gov.in എന്ന വെബ്സൈറ്റിൽനിന്ന് അപേക്ഷ ഡൗൺലോഡ് ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് റീജിയണൽ ഓഫീസുമായോ റബ്ബർബോർഡ് കോൾസെന്ററുമായോ (04812576622) ബന്ധപ്പെടുക.

**പരിശീലന പരിപാടി**

7. റബ്ബർമരങ്ങളിൽ പുതുതായി ടാപ്പിങ് ആരംഭിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, ടാപ്പിങ്ങിനായി അടയാളപ്പെടുത്തൽ, എന്നീ വിഷയങ്ങളെക്കുറിച്ചറിയാൻ റബ്ബർബോർഡ് കോൾസെന്ററിൽ വിളിക്കാം. ഈ വിഷയങ്ങൾ സംബന്ധിച്ച ചോദ്യങ്ങൾക്ക് 2023 മാർച്ച് 15 ബുധനാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ ഡെപ്യൂട്ടി റബ്ബർപ്രൊഡക്ഷൻകമ്മീഷണർ കെ.പി. രാജീവ് ഫോണിലൂടെ മറുപടി പറയും. കോൾസെന്റർ നമ്പർ 0481 2576622.

**കാർഷിക നിർദ്ദേശങ്ങൾ**

തെങ്ങിൻ തോപ്പുകളിൽ ഇടവിളയായി ഇഞ്ചി, മഞ്ഞൾ, പച്ചക്കറികൾ മുതലായവ കൃഷി ചെയ്യാം. ചെന്നിരൊലിപ്പ് മാരകമാകാൻ സാധ്യതയുണ്ട്. കറ ഒലിക്കുന്ന ഭാഗം വൃത്തിയാക്കി ഉരുകിയ ടാറോ, ബോർഡോ കുഴമ്പോ തേക്കുക. ചെറുതെങ്ങുകൾക്ക് വെയിലിൽ നിന്ന് സംരക്ഷണം നൽകണം. തെങ്ങിൻ തോപ്പുകളിൽ ജലസേചനം തുടരേണ്ടതും ചെറുതെങ്ങുകൾക്ക് തണൽ നൽകുകയും ചെയ്യേണ്ടതാണ്. നനയ്ക്കാൻ കഴിയാത്ത തെങ്ങുകളുടെ ചുവട്ടിൽ പുതയിടുകയോ തൊണ്ട് കമഴ്ത്തി അടുക്കുകയോ ചെയ്യുന്നത് നല്ലതാണ്. ചെമ്പൻ ചെല്ലി, കൊമ്പൻ ചെല്ലി, മുതലായവക്കെതിരെ കർഷകർ ജാഗ്രത പാലിക്കേണ്ടതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കമുകിൽ കുരുത്തോലച്ചാഴി, മഞ്ഞളിപ്പ് മുതലായ കീട-രോഗങ്ങൾക്കെതിരെ ജാഗ്രത പാലിക്കുക. മഞ്ഞളിപ്പ് കാണുകയാണെങ്കിൽ വിദഗ്ദ ഉപദേശം തേടി നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതാണ്. തെക്കൻ വെയിലിൽ നിന്നുള്ള സൂര്യാഘാതം തടയുന്നതിനായി കമുകിൻ തടിയിൽ വെള്ള പൂശുകയോ കമുകിൻ പോളകൾ കൊണ്ട് പൊതിയുകയോ ചെയ്യണം. തോട്ടങ്ങളിൽ 3-5 ദിവസം ഇടവിട്ട് മരമൊന്നിന് 175 ലിറ്റർ എന്ന തോതിൽ ജലസേചനം നൽകുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം